പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2811

18.08.2017-ൽ
മറുപടിക്ക്

# നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീമതി വീണാ ജോർജ്ജ്<br>ശ്രീ. യു.ആർ പ്രദീപ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2008-ലെ നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br><br>(ബി) നിലവിൽ എത്ര പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു കഴിഞ്ഞുവെന്നും എത്ര പഞ്ചായത്തുകളിൽ പൂർത്തിയായി വരുന്നു എന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ; | (എ) & (ബി) 2008-ലെ നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും പൂർത്തിയായിട്ടില്ലാത്ത പഞ്ചായത്തുകളിൽ അടിയന്തിരമായി അവ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എത്ര പഞ്ചായത്തുകളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന കണക്ക് റവന്യൂ വകുപ്പിൽ നിലവിൽ ലഭ്യമല്ല. |
| (സി) 2008 -ന് മുമ്പ് നികത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ ഭൂമിയിൽ വീട് വയ്ക്കാൻ അനുമതി നൽകുന്നതിന് മുൻകാല ഉത്തരവുകളിലുണ്ടായിരുന്ന അവ്യക്തത ഒഴിവാക്കിയും നടപടിക്രമങ്ങൾ ലഘൂകരിച്ചും പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) ഉണ്ട്. 2008 -ന് മുമ്പ് നികത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ ഭൂമിയിൽ വീട് വയ്ക്കാൻ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് 22.12.2016-ൽ 46848/ പി1/2016/റവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ 22.12.2016-ൽ തന്നെ തദ്ദേശ സ്വയംഭരണ വകുപ്പ് 994733/ആർ.എ 1/16/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവി |

| | | |
|---|---|---|
| | | ച്ചിട്ടുള്ളതുമാണ്. ടി സർക്കുലറിന് വ്യക്തത വരുത്തിക്കൊണ്ട് റവന്യൂ (പി) വകുപ്പ് 01.03.2017-ൽ 13105/പി1/2017/റവ നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | അനധികൃതമായ നിലം നികത്തൽ സാധൂകരിക്കാൻ സഹായകമാകുമായിരുന്ന, നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 3 എ. ഒഴിവാക്കിയതിന്റെ ഫലമായി എത്ര എക്കർ നിലം സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും 12.08.2008-ന് മുമ്പ് നികത്തപ്പെട്ടതുമായ നിലങ്ങൾ ക്രമവൽക്കരിക്കുന്നതിന് മാത്രമുള്ള വ്യവസ്ഥകളാണ് 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ " 3 എ" വകുപ്പിൽ ഉൾപ്പെടുത്തിയിരുന്നത്. ആയതിനാൽ ചോദ്യത്തിൽ ഉന്നയിച്ച രീതിയിലുള്ള കണക്കെടുപ്പ് നടത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**